പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 428

26.06.19 - ൽ മറുപടിക്ക്.

# കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണന സാധ്യതകൾ

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ആഗോള ഓൺലൈൻ വ്യാപാര ശൃംഖലയായ ആമസോണുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ആമസോണിന്റെ വനിത സംരംഭക പ്രചോദന പദ്ധതിയായ ആമസോൺ സഹേലിയുടെ ഭാഗമായി 27/02/2019 ൽ കുടുംബശ്രീയും ആമസോണും തമ്മിൽ കരാർ ഒപ്പിടുകയും തുടർന്ന് കുടുംബശ്രീയുടെ 67 ഉൽപന്നങ്ങൾ ആമസോൺ പോർട്ടലിൽ ലിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) സിവിൽ സപ്ലൈസ്, കൺസ്യൂമർഫെഡ് സ്ഥാപനങ്ങളിലൂടെയും സഹകരണ മേഖലയിലൂടെയും വിപണന സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | ഉണ്ട്.<br>സപ്ലൈകോയുടെ തിരഞ്ഞെടുത്ത ഔട്ട് ലെറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി റാക്കുകൾ/ഷെൽഫുകൾ സ്ഥാപിക്കുന്നതിന് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സപ്ലൈകോ, കൺസ്യൂമർഫെഡ് സ്ഥാപനങ്ങളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഉൽപ്പന്ന ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ ഉൽപ്പന്ന ശ്രേണിയിൽ ഇടുക്കി ജില്ലയിലെ ഉൽപ്പന്നങ്ങളും കൺസ്യൂമർഫെഡ് ഉൽപ്പന്ന ശ്രേണിയിൽ കോട്ടയം ജില്ലയിലെ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തി വിപണനം സാധ്യമാക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ജില്ലയിലെ പാളയം, പഴവങ്ങാടി ഔട്ട് ലെറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നവിപണനത്തിനായി റാക്കുകൾ സ്ഥാപിച്ച് പ്രവർത്തനം നടക്കുന്നുണ്ട്. കുടുംബശ്രീ ഉൽപന്നങ്ങൾ കൂടുതൽ ഔട്ട് ലെറ്റുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കൃഷി വകുപ്പിന് കീഴിലുള്ള അഗ്രോ സൂപ്പർ ബസാറിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനത്തിനായി റാക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ വിപണന സാധ്യതകളും പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ